بسم الله الرحمن الرحيم

# ശഅ്ബാൻ മാസവും അനാചാരങ്ങളും

സർവ്വ സ്തുതിയും സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്ന്, അവൻെറ ദൂതരിൽ അന്തിമനായ മുഹമ്മദ്നബിയിലും കുടും ബത്തിലും അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ. ശഅ്ബാൻ മാസവു മായി ബന്ധപ്പെടുത്തിക്കൊണ്ട് മുസ്ലിം സമൂഹത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള അബദ്ധധാരണകളെ തുറന്ന് കാണിക്കുകയും ഇസ്ലാമിക പ്രമാണങ്ങളായ ഖുർആനും സുന്നത്തുമനുസരിച്ച് കാര്യങ്ങൾ വിലയിരുത്തുകയുമാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഇസ്ലാമിക പ്രമാണങ്ങളനുസരിച്ച് പവിത്ര തയുള്ള മാസങ്ങൾ ദുൽഖഅദ്, ദുൽഹ ജ്ജ്, മുഹർറം, റജബ് എന്നീ മാസങ്ങളാ ണെന്ന് ഖുർആനും ഹദീസും നമുക്ക് വ്യക്തമാക്കിത്തരുന്നു. അത്പോലെ മറെറാരു പുണ്യമാസം വിശുദ്ധ ഖുർആൻ അവതീർണ്ണമായ റമദാൻമാസമാണ്. ഇക്കാര്യം അടി സ്ഥാനപരമായി ഈ വിഷയവുമായി നാം മനസ്സിലാക്കിയിരിക്കേണ്ട വസ്തുത യാണ്.

## ശഅ്ബാൻമാസവും ബറാത്ത്രാവും:

വിശുദ്ധ ഖുർആനിലെ നാൽപ്പത്തിനാലാം (44) അദ്ധ്യായമായ സൂറത്തുദ്ദുഖാനി ൻെറ ആരംഭത്തിൽ പറഞ്ഞിട്ടുള്ള അനുഗ്രഹീത രാത്രികൊണ്ടുള്ള വിവക്ഷ ശഅ്ബാൻ പതിനഞ്ചാണെന്ന് ഒരുവിഭാഗം വാദിക്കുകയും അന്ന് പ്രത്യേകം ആരാധനകൾ നിർവ്വഹിക്കുകയും ഭക്ഷണവിഭങ്ങളുണ്ടാക്കി വിതരണം ചെ യ്യുകയും, ഖുർആൻ പാരായണം ചെയ്യുകയും, നോമ്പ് നോൽക്കുകയും ചെയ്തുവരുന്ന സമ്പ്രദായം ചിലയിടങ്ങളിലെങ്കിലും കണ്ടുവരുന്നു. ഇത് വിശു ദ്ധ ഖുർആനിൻെറ ഖണ്ഠിതമായ തെളിവുകൾക്ക് കടകവിരുദ്ധമാണ്. കാരണം ഖുർആൻ പറയുന്നത് ഇപ്രകാരമാണ് ''തീർച്ചയായും നാം അതിനെ (ഖുർആ നിനെ) ഒരു അനുഗ്രഹീത രാവിലാണ് അവതരിപ്പിച്ചിട്ടു ള്ളത്'' (സൂറ ദുഖാൻ:2). പ്രസ്തുത രാവ് കൊണ്ട് ഉദ്ദേശിക്കുന്നത് ലൈലത്തുൽ ഖദ്റാണെ ന്നും അത് റമദാനിലാണ് എന്നു മുള്ളകാര്യം ഖുർആൻ തന്നെ മററു സൂറ ത്തുകളിലൂടെ നമുക്ക് വ്യക്തമാക്കിത്തരികയും ചെയ്യുന്നുണ്ട് ''തീർച്ചയായും നാം അതിനെ ലൈലത്തുൽ ഖദ്റിലാണ് അവതരിപ്പിച്ചിരിക്കുന്നത് അതിനെ സംബന്ധിച്ച് നീ എന്താണ് മനസ്സിലാക്കിയിരിക്കുന്നത് അത് ആയിരം മാസ ത്തേക്കാൾ ശ്രേഷ്ഠമായ ഒരുരാത്രിയത്രെ'' (സൂറത്തുൽ ഖദ്ർ). മേൽ പറ യപ്പെട്ട രാത്രി റമാദാനിലാണെന്ന കാര്യം ഏകാഭിപ്രായമുള്ള വിഷയവുമാണ്. നബി(സ) റമദാനിനെ നമുക്ക് ഇപ്രകാരം പരിചയപ്പെടുത്തിതും ഹദീസിൽ കാണാം: ''നിങ്ങൾക്കിതാ അനുഗ്രഹീതമായ ഒരുമാസം വന്നെത്തി യിരിക്കു ന്നു അതിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്... '' (ഹദീസ് നസാഇ അൽബാനി 4/129നമ്പർ:2106) ഖുർആൻ അവതരിച്ചിട്ടുള്ളത് റമദാനിലാണെന്ന കാര്യവും നമുക്ക് ഖുർആനിൽ തന്നെ കണ്ടെത്താവു ന്നതാണ്. ''റമദാൻ മാസം, ആ മാസത്തിലാകുന്നു മനുഷ്യർക്ക് മാർഗദർശന മായിക്കൊണ്ടും സത്യാസത്യ വിവേചനത്തിനും മാർഗദർശനത്തിനുമുള്ള തെളി വുകളുമായിക്കൊണ്ടും ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്'' (ബഖറ:185).

പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ, ബഹു ഇബ്നുകസീർ(റ) പറയുന്നത് കാണുക: ''ആരെങ്കിലും പ്രസ്തുത (അനുഗ്രഹീതരാവ്) ശഅ്ബാൻ പതിനഞ്ചി നാണെന്ന് (15)പറഞ്ഞാൽ അവൻ സത്യത്തിൽനിന്നും വളരെ ദൂരം അകലെ യാണ്, കാരണം ഖുർആനിൻെറ നസ്സ് (ഖണ്ഡിതമായ അഭിപ്രായം) അത് റമ ദാൻ മാസത്തിലാണ് എന്നത് തന്നെ'' (തഫ്സീർ ഇബ്നുകസീർ 4/13).

## രിസ്ഖ് നിശ്ചയിക്കുന്ന രാവ് !?

ശഅ്ബാൻ മാസം 15ന് ബറാത്ത്‌രാവ് എന്നാണ് പറയപ്പെടുക എന്നും പ്രസ്തുത ദിവസത്തിലാണ് ഒരു മനുഷ്യൻെറ ഒരുവർഷത്തേക്കുള്ള ഉപജീവന വും മററും കണക്കാക്കപ്പെടുക എന്നുമുള്ള ധാരണകളും പ്രാമാണ്യ യോഗ്യ മായ തെളിവുകളുടെ പിൻബലമില്ലാത്തതും വ്യാജനിർമ്മിത കാര്യങ്ങളിൽ പെട്ട തുമാണ്.

ഈ ദിവസത്തിൽ നോമ്പനുഷ്ഠിക്കുവാനും, രാത്രി പ്രത്യേകമായി നമസ്ക രിക്കുവാനും ചിലർ പ്രചരിപ്പിക്കുന്നതും അടിസ്ഥാനമില്ലാത്ത കാര്യമാണ്.

## മുൻഗാമികൾ എന്ത് പറയുന്നു

ഇത് സംബന്ധിച്ച് പൂർവ്വികരായ ഏതാനും പണ്ഡിൻമാരുടെ വാക്കുകൾ കൂടി ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ശൈഖ് ശിഹാബുദ്ദീൻ അബൂശാമ (റ): (ഇദ്ദേഹം ശാഫിഈ മദ്ഹബിലെ രണ്ടാം ശാഫി എന്ന് അറിയപ്പെടുന്ന നവവി(റ)യുടെ ഉസ്താദുകൂടിയാണ് ''നമ്മുടെ പണ്ഡിതൻമാരിൽ ഒരാളും തന്നെ ശഅ്ബാൻ പതിനഞ്ചാം രാവിന് പ്രത്യേകതയുള്ളതായി കാണുകയോ പ്രസ്തുത ദിവസത്തെ പ്രത്യേകം ശ്രദ്ധി ച്ചിരുന്നതായോ നമ്മുടെ ശ്രദ്ധയിൽപെട്ടിട്ടില്ല. അബൂമുലൈക എന്ന പ ണ്ഡി തനോട് സിയാദ്ബ്നു നുമൈർ, ശഅ്ബാൻ 15 ൻെറ മഹത്വം ലൈലത്തുൽ ഖദ്ർപോലെ പ്രതിഫലാർഹമാണ് എന്ന് പറയുന്നുണ്ടല്ലോ എന്ന് ശ്രദ്ധയിൽ പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാര മാണ്: 'അങ്ങിനെ പറയുന്നത് ഞാൻ കേൾക്കുകയും അന്നേരം എൻെറകയ്യിൽ ഒരു വടിയുമുണ്ടായിരുന്നു വെങ്കിൽ തീർച്ചയായും നാം അവനെ അടിക്കുമായിരുന്നു. നബി(സ)യിൽ നിന്നും പ്രസ്തുത ദിവസത്തിൽ പ്രത്യേകമായി ഒരു തരത്തിലുള്ള ന മസ്കാരവും നിർവ്വഹിക്കാൻ നിർദ്ദേശിക്കുന്ന യാതൊരു ഹദീസും സ്ഥിരപ്പെട്ടിട്ടി ല്ല, ഇത്തരത്തിലുള്ള ഒരു സമ്പ്രദായം ആദ്യമായി സമൂഹത്തിൽ കടന്നുകൂടിയത് ബർമക്കികളുടെ കാലഘട്ടത്തിലാണ് അവർ ഭക്ഷണ വിഭവ ങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മതത്തിൽ പലതും കടത്തിക്കൂട്ടി യവ രാണ്. ശഅ്ബാൻ മാസത്തിന്ന് ശ്രേ ഷ്ഠതയുള്ളതായിഅലി(റ)വിൽനിന്നും, ആ യിഷ(റ)യിൽ നിന്നും, അബൂമൂസ(റ)വിൽ നിന്നും ഇബ്നുമാജ:(റ)തൻെറ ഗ്രന്ഥത്തിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഹദീസുകളും ദുർബ്ബലമായ പരമ്പര കളിലൂടെ മാത്രം ഉദ്ധരിക്കപ്പെടുന്നവയാണ്''. (ശിഹാബുദ്ദീൻ അബൂശാമ: അൽ ബാഇസ് അലാ ഇൻകാരിൽ ബിദഇ വൽഹവാദിസി).

ശൈഖ് ഇബ്നുറജബ്(റ): ''ശഅ്ബാൻ (15) പതിനഞ്ച് പുണ്യദിനമായി കരുത ലും അന്ന് പ്രത്യേകം ആഘോഷങ്ങൾ സംഘടിപ്പിക്കലും ബിദ്അത്ത് (അനാ ചാരം) ആകുന്നു ഇത്സംബന്ധമായി വന്നിട്ടുള്ളതായ എല്ലാ ഹദീസുകളും ദുർബലമായതാണ്, അവയിൽ ചിലതാകട്ടെ വ്യാജനിർമ്മിതവുമാണ്.'' (ഇബ്നുറജബ് കിതാബുൽ ലത്വാ ഇഫ്).
ഇമാം നവവി(റ): ''റജബ്മാസം ആദ്യ വെള്ളിയാഴ്ച മഗ്‌രിബിൻേയും ഇശാഇൻെറയും ഇടയിലായി റഗാഇബ് എന്ന പേരിൽ പന്ത്രണ്ട് റക്അത്ത് നമ സ്കാരമുള്ളതായി പറയപ്പെടുന്നതും ശഅ്ബാൻ പതിനഞ്ചിനുള്ളതായി പറ യപ്പെടുന്ന നൂറ് റക്അത്ത് നമസ്കാരവും ബിദ്അത്തും വർജ്ജിക്കേണ്ടതു മാണ്; ഖൂതുൽഖുലൂബ്, ഇഹിയാ ഉലൂമിദ്ദീൻ എന്നീ കിതാബുകളിലോ മററു ചില ഹദീസുകളിലോ ഈ നമസ്കാരങ്ങളെ സംബന്ധിച്ച് പറയുന്ന ത്കണ്ട് ഒരാളും തന്നെ വഞ്ചിതരാകരുത് അതെല്ലാം ബാത്വിൽ ആണ് (തെളി വിന്ന് കൊള്ളാവുന്നതല്ല) (ഇമാം നവവി(റ) അൽമജ്മൂഅ് )

മേൽപറയപ്പെട്ട പണ്ഡിതന്മാരുടെ വാക്കുകളിൽനിന്നും ഇങ്ങിനെ ഒരു ആചാരം നബി (സ)യുടെ ചര്യയിൽ നിന്നും അവർക്കാർക്കും മനസ്സിലാക്കാ ൻ കഴിഞ്ഞിട്ടില്ല എന്ന് മാത്രമല്ല അവരുടെ അറിവിൽ പെട്ടിടത്തോളം അത് ബിദ്അത്തും വർജ്ജിക്കേണ്ടതുമാണെന്നും നാം കണ്ടുകഴിഞ്ഞു.

ശഅ്ബാൻ പതിനഞ്ചിനാണ് ഓരോരുത്തരുടേയും ഒരു വർഷത്തേക്കുള്ള ഉപജീവനവും മററും കണക്കാക്കുക എന്നും അത് കൊണ്ട് തന്നെ യഥാക്രമം മൂന്ന് യാസീനുകൾ ഭക്ഷണവിശാലതക്കും ആയുസ്സ്വർദ്ധനവിന്നും മരണ പ്പെട്ടുപോയിട്ടുള്ളവരുടെ നന്മക്ക് വേണ്ടിയും പ്രസ്തുത ദിവസത്തിൽ പാരായ ണം ചെയ്യേണ്ടതായി പറയപ്പെടുന്നതും അടിസ്ഥാനരഹിതമാണ്.

എന്നാൽ ഭക്ഷണ വിശാലത ആഗ്രഹിക്കുന്നവരോട് കുടുംബബന്ധം ചേർത്തുവാനും(ഹദീസ് ബുഖാരി), ആയുസ്സിൽ വർദ്ധനവിന് പുണ്യകർമ്മങ്ങൾ അധികരിപ്പിക്കുവാനു (അൽബാനി സ്വ: തിർമിദി: 2139 )മാണ് നബി(സ) നിർദ്ദേശിച്ചി ട്ടുള്ളത്.

മരണപ്പെട്ടവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്യലാകട്ടെ ഖുർആ നിൻെറയും നബിചര്യയുടേയും അദ്ധ്യാപനങ്ങൾക്ക് വിരുദ്ധവുമാണ്. ഖുർ ആൻ ജീവിക്കുന്നവർക്ക് വേണ്ടിയാണ് എന്ന് പഠിപ്പിക്കുന്ന അദ്ധ്യായമാണ് സൂറത്ത് യാസീൻ. എന്നിട്ട് അതേ സൂറത്ത്തന്നെ മരണപ്പെട്ടവർക്ക് വേണ്ടി പാരായണം ചെയ്യുക എന്നത് എന്തു മാത്രം വിരോധാഭാസമാണ്.! '' നിശ്ചയമായും ഇത് വ്യക്തമായ ഉൽബോധനവും ഖുർആനുമാണ്, ജീവ നുള്ളവർക്ക് താക്കീതു നൽകുന്നതിന് വേണ്ടിയത്രെ ഇത്'' (സൂറ യാസീൻ). മരിച്ചവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്താൽ അത് മരിച്ചയാൾക്ക് എത്തുകയില്ല എന്നതാണ് ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതന്മാരുടെ അഭിപ്രായം. പ്രമുഖ ഖുർആൻ വ്യാഖ്യാതാവായ ഇബ്നു കസീർ തൻെറ തഫ്സീറിൽ പറയുന്നത് കാണുക. സൂറത്തുന്നജ്മിലെ മുപ്പൊത്തൊാമ്പതാം ആയത്തായ (വഅൻ ലൈസ ലിൽ ഇൻസാനി ഇല്ലാ മാസആ) ''ഒരു മനുഷ്യന്ന് അവൻെറ പ്രവർത്തനങ്ങളല്ലാതെ ഉപകരിക്കുകയില്ല'' എന്ന ആയത്തിൻെറ വിവരണത്തിൽ അദ്ദേഹം പറയുന്നു: ''ഈ മഹത്തായ ആയത്തിൽ നിന്നാണ് ഇമാം ശാഫി(റ)യും അദ്ദേഹത്തിൻെറ അനുയായികളും മരിച്ചവർക്ക് വേണ്ടി ഖുർആൻ പാരായണം ചെയ്തു ഹദ്യ ചെയ്താൽ അതിൻെറ പ്രതിഫലം മരിച്ചവർക്ക് കിട്ടുകയില്ലാ എന്നതിന്ന് തെളിവെടുത്തിട്ടുള്ളത്, കാരണം അത് അവരുടെ (മരിച്ചവരുടെ) പ്രവർത്തനത്തിലോ അദ്ധ്വാനത്തിലോ പെട്ടതല്ല. തന്നയുമല്ല നബി(സ) തൻെറ അനുയായികളെ ഇക്കാര്യത്തിന് വ്യക്തമായോ വ്യംഗ്യമായിപ്പോലുമോ പ്രേരിപ്പിക്കുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടില്ല. സ്വഹാബികളിൽനിന്നും ഒരാളിൽ നി ന്നുപോലും ഇങ്ങിനെയൊരു സംഭവം റി പ്പോർട്ട് ചെയ്തിട്ടുമില്ല ഇക്കാര്യത്തിൽ എന്തെങ്കിലും നന്മയുമുണ്ടായിരുന്നു വെങ്കിൽ അവർ, സ്വഹാബികൾ നമ്മേക്കാൾ ഇക്കാര്യത്തിൽ മുൻപന്തിയിൽ ഉണ്ടാകുമായിരുന്നു'' (തഫ്സീർ ഇബ്നുകസീർ വാള്യം 4).

## തൊണ്ണൂററാറ് നോമ്പ്

റജബ്, ശഅബാൻ എന്നീ രണ്ട് മാസങ്ങ ളും റമദാനിലെ ഫറള് നോമ്പും ശവ്വാ ലിലെ ആറ് സുന്നത്തു നോമ്പുമടക്കം (96) തൊണ്ണൂററാറ്നോമ്പ് തുടർച്ചയായി നോക്കുന്നസമ്പ്രദായവും ചിലയിടങ്ങളിൽ കണ്ടു വരാറുണ്ട് ഇതും നബി(സ) യിൽ നിന്നോ സഹാബികളിൽ നിന്നോ മാതൃകയില്ലാത്തതാണ്. അതിനാൽ തന്നെ മതത്തിൻെറ യാതൊരു പിൻബലവുമില്ലാത്ത കാര്യവുമാണ്.

എന്നാൽ മുൻകൊല്ലത്തിലെ റമദാനിലെ നോമ്പുകൾ രോഗം കാരണത്താലോ മറേറാ നഷ്ടപ്പെട്ടിട്ടുള്ളവർ - അത് നോററു വീട്ടാത്തവർ - ശഅബാൻ മാസ ത്തിലെങ്കിലും അത് നോററുവീട്ടിയിരിക്കൽ നിർബന്ധമാണെന്നത് ഈ സന്ദർഭത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

## നമുക്ക് പ്രമാണങ്ങളിലേക്ക് മടങ്ങാം

അല്ലാഹു പറയുന്നത് കാണുക: ''തീർച്ചയായും അല്ലാഹുവിൻെറ റസൂലിൽ നി ങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്, അല്ലാഹുവിനെ കൂടുതലായി സ്മരിക്കു കയും, അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുകയും ചെയ്യുന്ന ആളുകൾക്ക്'' (അഹ്സാബ് 21)
അപ്പോൾ പരലോകത്ത് സംതൃപ്തിയോടെ അല്ലാഹുവിനെ കണ്ട്മുട്ടുകയും സ്വർഗത്തി ൽ പ്രവേശിക്കുകയും ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ നബി(സ) ചെയ്ത മാതൃകയനുസരിച്ച് ജീവിക്കൽ നിർബന്ധമാണ് എന്ന് വ്യക്തം. നബി(സ) ഇപ്രകാരം നമുക്ക് പറഞ്ഞു തരികയുംചെയ്തു ''നിങ്ങൾക്ക് സ്വർഗ ത്തിലേക്ക് എത്താനും നരകത്തിൽ നിന്ന് രക്ഷപ്പെടാനുമുള്ള ഒരു കാര്യവും ഞാൻ നിങ്ങളോട് പറയാതെ പോകുന്നില്ല'' (സിൽസിലതു സ്വഹീഹ: 6/865 നമ്പർ: 2866).

സഹോദരൻമാരേ നബിചര്യയെന്ത് എന്ന് മനസ്സിലായശേഷം പിന്നേയും, പ്രവാചകൻ(സ) ചെയ്യാൻ കൽപ്പിക്കുകയോ ചെയ്തുകാണിച്ചു തരികയോ ചെയ്യാത്ത ഒരു കാര്യം വല്ലവരും പുണ്യംപ്രതീക്ഷിച്ച് ചെയ്താൽ അതൊ രിക്കലും നമ്മെ സ്വർഗത്തിലേക്കായിരിക്കുകയില്ല എത്തിക്കുക മറിച്ച് നരകത്തി ലേക്ക് ആയിരിക്കും. അല്ലാഹുവിൻെറ വചനം അതാണ് നമുക്ക് പറഞ്ഞു ത രുന്നത്. ‘‘ആരെങ്കിലും സന്മാർഗം എന്തെന്ന് വ്യക്തമായശേഷം പിന്നേയും റസൂലിനോട് എതിര് പ്രവർത്തിക്കുകയും വിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്താൽ അവർ തിരിഞ്ഞ മാർഗത്തിലൂടെ നാം അവരെ നയിക്കുകയും പിന്നീട് നാം അവരെ നരകത്തിലിട്ടു കരിക്കുകയും ചെയ്യും, അതെത്ര മോശമായ പര്യവസാനമായിരിക്കും’’ (നിസാഅ് 115 )

സഹോദരന്മാരേ നമുക്ക് നമ്മുടെ മതപ്രമാണങ്ങളാ ഖുർആനിലേക്കും സുന്ന ത്തിലേക്കും തിരിച്ചു പോകാം അല്ലാഹു പറയുന്നു: ‘‘നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, റസൂലിനെ അനുസരിക്കുക, നിങ്ങളിലെ കൈകാര്യ കർത്താ ക്കളേയും അനുസരിക്കുക എന്നാൽ വല്ല കാര്യത്തിലും നിങ്ങൾ അഭിപ്രായ വ്യത്യാസത്തിലായാൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മട ക്കുക നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാണ് എങ്കിൽ’’ (സൂറ നിസാഅ് 59).
നബി(സ) പറഞ്ഞു: ‘‘രണ്ട് കാര്യങ്ങൾ ഞാൻ നിങ്ങളിൽ ഉപേക്ഷിച്ചു പോകു ന്നു അത് രണ്ടും മുറുകെപിടിക്കുന്ന കാലത്തോളം നിങ്ങൾ വഴി പിഴച്ചു പോവുകയില്ല അത് അല്ലാഹുവിൻെറ കിതാബും അവൻെറ പ്രവാചകൻെറ സുന്ന ത്തുമാകുന്നു’’ (ഇമാം മാലിക് മുവത്വഅ്).

അത്കൊണ്ട് ചിന്തിക്കുക, സത്യം മനസ്സിലാക്കുക, അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തുക അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.
നാഥാ, ഞങ്ങളെയും ഞങ്ങളെ വളർത്തിയ മാതാപിതാക്കളെയും ഞങ്ങൾ വളർത്തുന്ന മക്കളെയും ഞങ്ങളുടെ ഇണകളെയും നീ സ്വർഗം നൽകി അനു ഗ്രഹിക്കേണമേ (ആമീൻ).

وصلى الله وسلم على نبيه محمد وآله وصحبه أجمعين


തയ്യാറാക്കിയത്
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി
ഇസ്ലാമിക് ഗൈഡൻസ് സെൻറർ
സുലൈ (റിയാദ്)
പി . ബി . നമ്പർ: 1419, റിയാദ് : 11431.
ഫോൺ: 2414488/226, സൗദി അറേബ്യ.


# من بدع شهر شعبان

(باللغة المليبارية)